പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 271 28.05.2019 - ൽ മറുപടിയ്ക്ക്

## കരൾ രോഗികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ

| ചോദ്യം<br>ശ്രീ.ജോൺ ഫെർണാണ്ടസ് | മറുപടി<br>ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിതാ-ശിശു വികസനവും വകുപ്പ് മന്ത്രി) |
|---|---|
| (എ) കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ സർക്കാർ ആശുപത്രികളിൽ നടത്തുവാനുള്ള സൗകര്യം സജ്ജീകരിക്കാത്തതുകൊണ്ടും കാരുണ്യ ഉൾപ്പെടെയുള്ള ചികിത്സാ സഹായ പദ്ധതികളിൽ കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടത്തുന്ന ആശുപത്രികൾ ഉൾപ്പെടാത്തതുകൊണ്ടും കരൾ രോഗികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;<br><br>(ബി) ഇതുപരിഹരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ? | (എ) യും (ബി) യും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിൽ സംസ്ഥാനത്ത് തിരുവനന്തപുരം മെഡിക്കൽ കോളേജിൽ മാത്രമാണ് കരൾമാറ്റ ശസ്ത്രക്രിയയ്ക്കുള്ള സൗകര്യമുള്ളത്. എന്നാൽ ഇവിടെ നടന്ന ആദ്യ കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയയിൽ കരൾ സ്വീകരിച്ച രോഗി അവയവദാതാവിൽ നിന്നുണ്ടായ അണുബാധ മൂലം മരണപ്പെട്ടതിനാൽ കരൾമാറ്റ ശസ്ത്രക്രിയ താൽക്കാലികമായി നിർത്തിവയ്ക്കേണ്ടിവന്നു. ആയത് പുനരാരംഭിക്കുന്നതിനായി മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരികയാണ്.<br><br>അതിസങ്കീർണ്ണവും ശസ്ത്രക്രിയാനന്തരം അണുബാധ ഉണ്ടാകുന്നതിന് സാധ്യത വളരെ കൂടുതലുള്ളതുമായ ഒന്നാണ് കരൾമാറ്റ ശസ്ത്രക്രിയ. ആയതിനാൽ കരൾമാറ്റ ശസ്ത്രക്രിയയ്ക്കായി പ്രത്യേക ഓപ്പറേഷൻ തീയേറ്റർ, ഐ.സി.യു എന്നിവ സ്ഥാപിക്കേണ്ടതുണ്ട്. അതോടൊപ്പം തന്നെ അണുബാധ നിയന്ത്രണ പ്രവർത്തനങ്ങളും കാര്യക്ഷമമാക്കേണ്ടതുണ്ട്. വളരെയധികം സങ്കീർണ്ണമായ കരൾമാറ്റ ശസ്ത്രക്രിയ നടത്തുന്നതിനായി അത്യന്തം നൂതനവും സങ്കീർണ്ണവുമായ സജ്ജീകരണങ്ങൾ ആവശ്യമാണ്. നിലവിൽ ഇതിനുള്ള ഭൗതിക സാഹചര്യം മറ്റ് സർക്കാർ മെഡിക്കൽ കോളേജുകളിൽ ലഭ്യമല്ലാത്തതിനാലാണ് തിരുവനന്തപുരം മെഡിക്കൽ കോളേജിൽ മാത്രമായി ഈ സൗകര്യം നിജപ്പെടുത്തിയിട്ടുള്ളത് |

സെക്ഷൻ അഫീസർ